തുഷാരഗിരി.........
കോഴിക്കോട് വനം ഡിവിഷനിൽ
താമരശ്ശേരി റെയിഞ്ചിൽ
കോടഞ്ചേരി ഭാഗത്തുള്ള
ജീരകപ്പാറ എന്ന വന മേഖല....



വന നശീകരണത്തിനും
പ്രകൃതി ശോഷണത്തിനും
കുപ്രസിദ്ധിയാർജിച്ച പ്രദേശം
അത് പഴങ്കഥ.

ഇന്ന്, കോഴിക്കോട് ജില്ലയിലെ,
അല്ല കേരളത്തിലെ തന്നെ ഇക്കോടൂറിസം
മേഖലയിൽ പുകൾപെറ്റ തുഷാരഗിരി...

സഹ്യഗിരിയുടെ മടിത്തട്ടിൽ
തുഷാരബിന്ദുക്കൾ പെയ്തിറങ്ങുന്ന
ഈ സ്വപ്ന ഭൂമിക്ക് തുഷാരഗിരി
എന്ന പേര് ഏറെ അന്വർത്ഥം.



മഞ്ഞുമേഘങ്ങളിൽ
ചുംബിച്ചുനിൽക്കുന്ന ഈ
കാനനസ്വർഗ്ഗത്തെ കണ്ടറിയാനും
ആസ്വദിക്കാനും ആനന്ദിക്കാനും
കോഴിക്കോട് വനവികസന
ഏജൻസിയുടെ കീഴിലുള്ള
"തുഷാരഗിരി വനസംരക്ഷണസമിതി"
സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഋതുഭേദങ്ങൾക്ക് നിറച്ചാർത്തു നൽകി
തുഷാരഗിരിയിൽ പ്രകൃതി
പൂത്തുലഞ്ഞുനിൽക്കുന്ന ആഗസ്റ്റ്-ഡിസംബർ
മാസക്കാലങ്ങളാണ് ഇവിടെ സന്ദർശിക്കാൻ
ഏറ്റവും അനുയോജ്യം.





നിറഞ്ഞൊഴുകുന്ന അരുവികളും സമൃദ്ധമായ വെള്ളച്ചാട്ടങ്ങളും പൂത്തുനിൽക്കുന്ന വൃക്ഷലതാദികളും പൂക്കളിൽ നിന്ന് പൂക്കളിലേക്ക് തത്തിക്കളിക്കുന്ന ചിത്രശലഭങ്ങളും സഞ്ചാരികൾക്ക് മറ്റൊരു ദൃശ്യവിരുന്നാണ്.



സഞ്ചാരികളുടെ മനസ്സിനും മേനിക്കും കുളിരേകുന്ന വെള്ളച്ചാട്ടങ്ങളാണ് തുഷാരഗിരിയുടെ മുഖ്യ ആകർഷണീയത. വനത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് **"ഈരാറ്റ്മുക്ക് വെള്ളച്ചാട്ടം"** കാടിന്റെ കുളിര് തൊട്ടറിഞ്ഞ് ചാലിപ്പുഴയുടെ രണ്ട് കൈവഴികൾ ഒന്നിക്കുന്ന ഈ സംഗമവേദിയിൽ സന്ദർശകർക്ക് മതിമറന്നു നിൽക്കാം.



അല്പം മുകളിലേക്ക് കയറിയാൽ അടുത്തത് **"മഴവിൽ ചാട്ടം"** ജലകണങ്ങളിൽ സൂര്യരശ്മികളേറ്റ് വിരിഞ്ഞ് നിൽക്കുന്ന മഴവില്ലിന്റെ സപ്തവർണ്ണശോഭ ഇത്ര മനോഹരമായി മറ്റെവിടെയുണ്ട്?



പൂച്ചൂടി നിൽക്കുന്ന മരങ്ങളുടെയും ചെടികളുടെയും ഇടയിലൂടെ വീണ്ടും മുകളിലേക്ക് **''തുമ്പി തുള്ളും പാറ''** വെള്ളച്ചാട്ടം. പാറക്കെട്ടുകളിൽ നിന്നും 170 അടി താഴേക്ക് കാട്ടരുവി പതിക്കുന്ന അത്യന്തം ഹൃദയഹാരിയായ കാഴ്ച്ച. ജലധാരക്ക് മുകളിലായി നൃത്തം വെക്കുന്ന തുമ്പികൾ.

കാട്ടുചോലകൾക്കും വെള്ളച്ചാട്ടങ്ങൾക്കും സമീപം പലസ്ഥലങ്ങളിലായി കുറ്റിക്കാടുകളിൽ വാരി വിതറിയതുപോലെ കുറിഞ്ഞിക്കാടുകൾ പൂത്തു നിൽക്കുന്നു. വയലറ്റും ചുകപ്പും കലർന്ന നിറത്തിലുള്ള ചെറു പുഷ്പങ്ങളുടെ നിരകൾ മനസ്സിൽ നിന്നും പറിച്ചെടുക്കാൻ സാദ്ധ്യമല്ല.



മുകൾത്തട്ടിൽ നാല് ഏക്കറോളം വിസ്താരത്തിൽ പരന്നുകിടക്കുന്ന "തേൻപാറ" സന്ദർശകർക്കുള്ള വിശ്രമതാവളമാണ്. താല്പര്യമുള്ളവർക്ക് താഴ് വാരത്തിലേക്ക് സാഹസികമായ ഒരു കാനനയാത്രയുമാവാം. തിരിച്ചിറങ്ങുന്നവരെ അനുഗ്രഹിച്ചുകൊണ്ട് താന്നിമുത്തശ്ശി ഈരാറ്റുമുക്ക് വെള്ളച്ചാട്ടത്തിന് സമീപം നിൽക്കുന്നതു കാണാം. പൊള്ളയായ ഇതിന്റെ ഉൾവശത്ത് നാലുപേർക്കെങ്കിലും സുഖമായി കയറിയിരിക്കാം.



സംസ്ഥാനടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് വനവകുപ്പും, തുഷാരഗിരി വനസംരക്ഷണ സമിതിയും വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. വനയാത്ര (Trekking), വനത്തിൽ തങ്ങാനുള്ള സൗകര്യം (Camping), ഭക്ഷണ സൗകര്യങ്ങൾ, ഏറുമാടം (Tree Top Huts), പ്രാഥമിക സൗകര്യങ്ങൾ (Toilets), സ്നാന കേന്ദ്രങ്ങൾ (Bathing Ghats) എന്നിവയാണ് പ്രധാനം.

പക്ഷി നിരീക്ഷണം (Birds watching), വനശാസ്ത്ര പഠനം (Enviornmental Study) എന്നിവക്കും സൗകര്യമുണ്ട്. പരിശീലനം നേടിയ ഗൈഡുകളുടെ സേവനം ലഭ്യമാണ്.




**<u>തുഷാരഗിരിയിലേക്കുള്ള യാത്രാസൗകര്യങ്ങൾ:</u>**

**വിമാനത്താവളം (Airport)** : കരിപ്പൂർ
(Karipoor, Calicut Ariport), Ph: 0091 0483 2711314

**റെയിൽ (Rail) :** കോഴിക്കോട് റെയിൽവെസ്റ്റേഷൻ
(Calicut Railway station) - 55 Km
Ph: 0091 0495 2701234

**റോഡ് (Road) :** NH 212 ൽ താമരശ്ശേരിക്കും അടിവാരത്തിനും ഇടയ്ക്കുള്ള കൈതപ്പൊയിൽ എന്നസ്ഥലത്തുനിന്നും ചെമ്പുകടവ് റോഡിൽ 7 കി.മി സഞ്ചരിച്ചാൽ തുഷാരഗിരിയിൽ എത്താം.

**ബസ്സ് സമയം (Bus Time):** KSRTC 8.30ന് കോഴിക്കോട് നിന്നും പുറപ്പെട്ട് 10.30 ന് തുഷാരഗിരിയിൽ എത്തുന്നു.
KSRTC-Ph: 0091 0495 2723796
Palayam Bus stand-Ph: 0091 0495 2720397.
കൂടാതെ താമരശ്ശേരിയിൽ നിന്നും 3 സ്വകര്യബസ്സുകൾ തുഷാരഗിരിയിലേക്ക് സർവീസ് നടത്തുന്നുണ്ട്.
ടാക്സി സൗകര്യങ്ങൾ താമരശ്ശേരി, കോടഞ്ചേരി, അടിവാരം, കൈതപ്പൊയിൽ, ചെമ്പുകടവ് എന്നിവിടങ്ങളിൽ ലഭ്യമാണ്.


**<u>വിവരങ്ങൾക്ക് ബന്ധപ്പെടുക:</u>**

**തുഷാരഗിരി വനസംരക്ഷണ സമിതി**
റജി. നം. 143-6/2003, പി.ഒ. ചെമ്പുകടവ്,
കോഴിക്കോട്, ഫോൺ : 0495 3170048

**ഫോറസ്റ്റ് റെയിഞ്ചാഫീസർ താമരശ്ശേരി**
പി.ഒ. താമരശ്ശേരി, കോഴിക്കോട്.
ഫോൺ : 0495 2223720

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 20
ഫോൺ/ഫാക്സ് : 0495 2374450
ഇ-മെയിൽ : dfokkd@gmail.com

District Tourism Promotion Council
Thusharagiri, Ph: 0495 2236600


## കോഴിക്കോട്
## വന വികസന ഏജൻസി

# തുഷാരഗിരി
## ഇക്കോ ടൂറിസം

